# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3102** **13.07.2015-ൽ മറുപടിയ്ക്ക്**

**അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) | പാതയോരങ്ങളിൽ അപകടകരമാം വിധത്തിലുള്ള വൃക്ഷങ്ങൾ വീണ് യാത്രക്കാർക്ക് ജീവഹാനിയും പരിക്കുകളും പറ്റുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവ നീക്കം ചെയ്യുന്നതിന് കാലതാമസം എടുക്കുന്നതും, വിവിധ വകുപ്പുകളിൽ നിന്നും മരം മുറിക്കുന്നതിനുള്ള അനുമതി വൈകുന്നതും ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ പൊതുസ്ഥലത്ത് ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നത് സംബന്ധിച്ച് 11.07.2013-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, അതാത് വകുപ്പുതല ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട ആർ.ഡി.ഒ./എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ സി.ആർ.പി.സി. സെക്ഷൻ 133 പ്രകാരമുള്ള അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനകം മുറിച്ചു മാറ്റേണ്ടതാണെന്നും, ഇക്കാര്യത്തിൽ അപേക്ഷ ലഭിച്ച ഉടൻ തന്നെ ആർ.ഡി.ഒ./ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ഇക്കാര്യത്തിൽ അനുമതി നൽകേണ്ടതാണെന്നും തീരുമാന |

മെടുത്തിട്ടുണ്ട്. കൂടാതെ 27.06.2015 -ലെ 16240/എച്ച്1/2015/പൊ.മ.വ. സർക്കാർ സർക്കുലർ പ്രകാരം അപകടകരമായ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ ലഭിക്കുന്ന അപേക്ഷകൾ അപ്പോൾ തന്നെ സത്വര നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുന്നുണ്ട്.

| | |
|---|---|
| (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ഇത്തരം പരാതികൾ എവിടെ നൽകണമെന്നും ഇതിനുള്ള പരിഹാരം ഏത് വകുപ്പിൽ നിന്നും ലഭിക്കുമെന്നും വ്യക്തമാക്കുമോ? | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും ബന്ധപ്പെട്ട ആർ.ഡി.ഒ./ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുമ്പാകെ മരം മുറിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ നൽകിയാൽ ഉടൻ തന്നെ ആർ.ഡി.ഒ. / എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അനുമതി നൽകുന്നതാണ്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 പ്രകാരം അപകടകരമായ മരങ്ങൾ മുറിക്കുകയോ, ശിഖരം മുറിക്കുകയോ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം ഉള്ളതാണ്. സമാനമായ വ്യവസ്ഥകൾ മുൻസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 412-ലും ഉള്ളതാണ്. |

Chitra
സെക്ഷൻ ഓഫീസർ